






■ കെ.ടി അബ്ദുർറഹീം
■ സദ്റുദ്ദീൻ വാഴക്കാട്

# ഉമറും ഉമരിയും

**കരിങ്കല്ലത്താണിക്കടുത്ത്** പൂവ്വത്താണിക്കാരനായ കൊളക്കാടൻ മുഹമ്മദ് ഉമരി അക്കാലത്ത് പാലക്കാട് സ്കൂളിൽ അധ്യാപകനായി വന്നിരുന്നു. ജമാഅത്ത് പ്രവർത്തകനായിരുന്ന ഉമരി എന്നോടൊപ്പം മദ്റസയിലും പഠിപ്പിച്ചിരുന്നു. പണ്ഡിതനും പ്രസംഗകനും എഴുത്തുകാരനുമായിരുന്നു അദ്ദേഹം. 'ഉമറും ഉമരിയും' എന്ന തലക്കെട്ടിൽ കെ. ഉമർ മൗലവിക്ക് മറുപടിയായി കുറേ ലേഖനങ്ങൾ അദ്ദേഹം എഴുതിയിരുന്നു. *പ്രബോധന*ത്തിൽ അക്കാലത്ത് അവ പ്രസിദ്ധീകരിച്ചിരുന്നു. സ്കൂൾ അധ്യാപകനായി വന്ന എം.സി.സി അബ്ദുർറഷീദായിരുന്നു മറ്റൊരാൾ. മുജാഹിദ് പണ്ഡിതന്മാരായ എം.സി.സി സഹോദരന്മാരിലൊരാളുടെ മകനായിരുന്നു റഷീദ്. അധ്യാപകനായി പാലക്കാട്ട് വരുമ്പോൾ ജമാഅത്ത് പ്രവർത്തകനായിരുന്നില്ല. എനിക്ക് അദ്ദേഹവുമായി ബന്ധപ്പെടാൻ അവസരം കിട്ടി. മദ്റസയിൽ അധ്യാപകനായിരുന്നില്ലെങ്കിലും ഞങ്ങൾ അന്ന് കുറേകാലം ഒരുമിച്ച് താമസിച്ചിരുന്നു. അങ്ങനെ റഷീദ് ജമാഅത്തിനെ പഠിക്കുകയും പ്രവർത്തകനായിത്തീരുകയും ചെയ്തു. നല്ല പ്രസംഗകനായിരുന്ന അദ്ദേഹം ജമാഅത്തെ ഇസ്‌ലാമി കേരള ശൂറയിൽ അംഗമായിരുന്നു. പിന്നീട് എന്തോ കാരണത്താൽ ജമാഅത്തിൽനിന്ന് പുറത്തുപോയി.

പട്ടാണിത്തെരുവിൽ മുജാഹിദ് പ്രവർത്തകർക്കായിരുന്നു സ്വാധീനം. കുറച്ച് സുന്നികളുമുണ്ട്. ജമാഅത്തും മുജാഹിദും തമ്മിൽ അടുപ്പമൊന്നുമില്ല. രണ്ട് ഭാഗത്തും പ്രവർത്തകർ തമ്മിലും വലിയ ബന്ധമില്ല. എനിക്ക് സുന്നികളും മുജാഹിദുകളുമായി നല്ല ബന്ധം സ്ഥാപിക്കാൻ കഴിഞ്ഞിരുന്നു. പ്രത്യേകിച്ചും മുജാഹിദുകളുമായി വളരെ അടുത്ത് ഇടപഴകാൻ പറ്റിയിരുന്നു. ഞാൻ മുജാഹിദ് പള്ളിയിലായിരുന്നു ജുമുഅക്ക് പോയിരുന്നത്. ഖുത്വ്ബയിൽ ജമാഅത്തിനെ നന്നായി വിമർശിക്കാറുണ്ടായിരുന്നു. മുജാഹിദ് പള്ളിയിലെ ഖത്വീബ് അവറാൻ മുസ്‌ലിയാർ നല്ല പണ്ഡിതനായിരുന്നു. പറളി കോളേജിൽ ജോലി ചെയ്തിരുന്ന ടി.ടി മുഹമ്മദ് മൗലവിയാണ് മറ്റൊരു മുജാഹിദ് പണ്ഡിതൻ. പതി അബ്ദുൽ ഖാദിർ മുസ്‌ലിയാരുമായുള്ള ഒരു സംവാദത്തിൽ അദ്ദേഹം അകപ്പെടുകയുണ്ടായി. പത്തുകുടിയിലായിരുന്നു വാദപ്രതിവാദം. മുജാഹിദ് പക്ഷത്ത് ടി.ടിയും 'സമസ്ത'യുടെ ഭാഗത്ത് പതിയും. പത്തുകുടിയിലേക്കുള്ള യാത്രക്കിടയിൽ സുന്നികൾ വന്ന് ടി.ടിയെ അവരുടെ വാഹനത്തിൽ കയറ്റി നന്നായി വിരട്ടി. അത് അദ്ദേഹത്തിന് വലിയ മാനസിക പ്രയാസം

**കൈകെട്ട്, ഖുനൂത്ത്, നിർബന്ധ നമസ്കാരങ്ങൾക്കു ശേഷമുള്ള കൂട്ടുപ്രാർഥന തുടങ്ങിയ ശാഖാപരമായ വിഷയങ്ങളിലുള്ള അഭിപ്രായഭിന്നതയുടെ പേരിലായിരുന്നു മിക്കവാറും സുന്നി-മുജാഹിദ് തർക്കങ്ങൾ. അടിസ്ഥാനപരമല്ലാത്ത വിഷയങ്ങളിൽ സമസ്തക്കാർ പുലർത്തിപ്പോരുന്ന പലവീക്ഷണങ്ങളെയും രീതികളെയും 'ബിദ്അത്തുകൾ' എന്നു പറഞ്ഞ് ആക്ഷേപിക്കുകയും വലിയ തെറ്റും വഴികേടുമായി ചിത്രീകരിക്കുകയുമായിരുന്നു മുജാഹിദ് ശൈലി.**

ഉണ്ടാക്കിയിരുന്നു.

## സുന്നി-മുജാഹിദ് തർക്കം

പാലക്കാട്ട് സുന്നി-മുജാഹിദ് പള്ളിത്തർക്കമുണ്ടായിരുന്നു. സുന്നികളുടെ കൈവശമുണ്ടായിരുന്ന പള്ളി ഒരു കേസിലൂടെ മുജാഹിദുകൾ കൈവശപ്പെടുത്തി. സുന്നികൾ വീണ്ടും കേസ് കൊടുത്തു. തുടർന്ന് സുന്നികൾക്കനുകൂലമായി വിധി വന്നു. മുജാഹിദുകൾ വേറെ പള്ളിയുണ്ടാക്കി. ഇപ്പോൾ പട്ടാണി സ്ട്രീറ്റിൽ മുജാഹിദുകൾക്ക് വലിയ പള്ളിയുണ്ട്. സുന്നികൾക്കും വലിയ പള്ളിയും സ്ഥാപനവുമൊക്കെയുണ്ട്.

സുന്നികളും മുജാഹിദുകാരും തമ്മിൽ വലിയ അകൽച്ചയും എതിർപ്പുകളുമാണ് ഉണ്ടായിരുന്നത്. പലപ്പോഴും ഖണ്ഡന പ്രസംഗങ്ങൾ നടക്കാറുണ്ടായിരുന്നു. എന്നാൽ ജമാഅത്തും സുന്നികളും തമ്മിൽ അത്ര അകൽച്ചയോ എതിർപ്പോ ഉണ്ടായിരുന്നില്ല. വിയോജിപ്പുകൾ ഉണ്ടെങ്കിലും ശത്രുത പുലർത്താറുണ്ടായിരുന്നില്ല. സുന്നീ പണ്ഡിതന്മാരും മറ്റുമായി നമുക്ക് നല്ല ബന്ധമുണ്ടാക്കാൻ കഴിഞ്ഞിരുന്നു. പുതുതെരുവിലെ സുന്നി പള്ളിയിലെ ഖത്വീബിന് ജമാഅത്തിനോട് അനുഭാവവും ഉണ്ടായിരുന്നു. അവിടെ ഒരു മദ്റസയുണ്ടായിരുന്നു. അതിൽ ക്ലാസ്സുകൾ സംഘടിപ്പിക്കും. ചിലപ്പോൾ ഖത്വീബും മറ്റു ചിലപ്പോൾ ഞാനും ക്ലാസ്സുകളെടുക്കും. ഇതായിരുന്നു നമ്മുടെ ശൈലി.

കൈകെട്ട്, ഖുനൂത്ത്, നിർബന്ധ നമസ്കാരങ്ങൾക്കു ശേഷമുള്ള കൂട്ടുപ്രാർഥന തുടങ്ങിയ ശാഖാപരമായ വിഷയങ്ങളിലുള്ള അഭിപ്രായഭിന്നതയുടെ പേരിലായിരുന്നു മിക്കവാറും സുന്നി-മുജാഹിദ് തർക്കങ്ങൾ. അടിസ്ഥാനപരമല്ലാത്ത വിഷയങ്ങളിൽ സമസ്തക്കാർ പുലർത്തിപ്പോരുന്ന പലവീക്ഷണങ്ങളെയും രീതികളെയും 'ബിദ്അത്തുകൾ' എന്നു പറഞ്ഞ് ആക്ഷേപിക്കുകയും വലിയ തെറ്റും വഴികേടുമായി ചിത്രീകരിക്കുകയുമായിരുന്നു മുജാഹിദ് ശൈലി.

ശാഖാപരമായ വിഷയങ്ങളിൽ നാം തീവ്രനിലപാട് സ്വീകരിച്ചിരുന്നില്ല. ഇസ്ലാം കാണിച്ചിട്ടുള്ള വിശാല വീക്ഷണമാണ് അതിൽ ജമാഅത്തും സ്വീകരിച്ചിട്ടുള്ളത്. സുന്നീ പള്ളികളിൽ നാം നമസ്കരിക്കാൻ പോകും. അവർ കൂട്ടുപ്രാർഥന നടത്തുമ്പോൾ അതിൽ പങ്കെടുക്കും. അവർ ഖുനൂത്ത് ഓതുമ്പോൾ അതിലും പങ്കുചേരും. അങ്ങനെയൊരു സമീപനം സ്വീകരിച്ചിരുന്നതിനാൽ അവർക്ക് നമ്മിൽനിന്ന് തീർത്തും അകന്നുനിൽക്കാനോ ബന്ധങ്ങൾ മുറിച്ചുകളയാനോ സാധിച്ചിരുന്നില്ല. പൊതുവെ മൗദൂദികൾ പിഴച്ചവർ എന്നു പറയാറുണ്ടായിരുന്നെങ്കിലും ജമാഅത്തിനോട് അക്രമാസക്തമായ ശത്രുത ഉണ്ടായിരുന്നില്ല.

എന്നാൽ മുജാഹിദുകാർ ശാഖാപരമായ ചെറിയ ചെറിയ കാര്യങ്ങളെ വരെ ബിദ്അത്ത് എന്ന് പറയും. നബി(സ) ചെയ്യാത്ത എല്ലാ കാര്യങ്ങളും ബിദ്അത്താണെന്ന് പറയുന്നത് വലിയ പ്രശ്നങ്ങളുണ്ടാക്കും. ഉദാഹരണമായി തറാവീഹ് നമസ്കാരം. നബിയുടെ കാലത്ത് തറാവീഹ് എന്ന പേരിലൊരു നമസ്കാരം ഉണ്ടായിരുന്നില്ല. നോമ്പല്ലാത്ത കാലത്തും എല്ലാ രാത്രികളിലും നിർവഹിക്കാറുണ്ടായിരുന്ന ആ സുന്നത്ത് നമസ്കാരത്തിന് നബി(സ) റമദാനിൽ പ്രത്യേക ഊന്നൽ നൽകിയിരുന്നു. അതിനായി കച്ചകെട്ടിയിരുന്നു. ഒരിക്കൽ നബി(സ) പ്രസ്തുത നമസ്കാരം നിർവഹിക്കുമ്പോൾ സ്വഹാബികൾ അദ്ദേഹത്തെ പിന്തുടർന്നു. അടുത്ത ദിവസം ആളുകൾ വർധിച്ചു. അന്നും നബി(സ) നമസ്കരിച്ചു. പിറ്റേന്ന് അതിനേക്കാൾ കൂടി, അന്നും നബി(സ) നമസ്കരിച്ചു. നാലാം ദിവസം ആളുകൾ വളരെയേറെ വർധിച്ചു. പക്ഷേ, നബി മൂന്നു ദിവസവും നിർവഹിച്ച ആ നമസ്കാരത്തിനായി നാലാംനാൾ പള്ളിയിലേക്ക് വന്നില്ല. ആളുകൾ നബി(സ)യെ പ്രതീക്ഷിച്ചിരുന്നു, ബഹളം വെച്ചു. പക്ഷേ, നബി(സ) വന്നില്ല. സുബ്ഹിക്ക് പള്ളിയിലേക്ക് വന്ന നബി അതിന് വിശദീകരണം നൽകി; ഐഛികമായ ഒരു കർമം നിർബന്ധമായിത്തീരുന്ന ഒരു അവസ്ഥ ഉണ്ടാകരുത്. അങ്ങനെയൊരു ഭാരം ഉണ്ടാക്കാൻ ഞാൻ ഉദ്ദേശിക്കുന്നില്ല. അതാണ് ഞാൻ വരാതിരുന്നത്. നിങ്ങൾക്ക് രാത്രി നമസ്കരിക്കാം എന്ന് നബി അനുവാദം നൽകി. പിന്നീട് നബി ജമാഅത്തായി അത് നിർവഹിച്ചില്ല. ആളുകൾ ഒറ്റക്കൊറ്റക്ക് നമസ്കരിച്ചു. നബി(സ)യുടെ കാലശേഷം അബൂബക്കർ(റ) ഖലീഫ ആയപ്പോഴും അതായിരുന്നു അവസ്ഥ. തറാവീഹ് എന്ന പേരിലൊരു ജമാഅത്ത് നമസ്കാരം റമദാനിലെ രാത്രികളിൽ അക്കാലത്തും മദീനാ പള്ളിയിൽ ഉണ്ടായിരുന്നില്ല. ഉമർ(റ) ഖിലാഫത്ത് പകുതികാലം പിന്നിട്ടു. പതിവനുസരിച്ച് രാത്രി ചുറ്റിക്കറങ്ങുമ്പോൾ പള്ളിയിൽ ആളുകൾ ഒറ്റക്കൊറ്റക്ക് നിന്ന് നമസ്കരിക്കുന്നത് കണ്ടു. ഓരോരുത്തരും ഉച്ചത്തിൽ ഖുർആൻ ഓതുന്നതും, മറ്റുള്ളവരുടെ നമസ്കാരത്തിന് പ്രയാസമുണ്ടാവുന്നതും അദ്ദേഹം കണ്ടു. അപ്പോൾ അദ്ദേഹം പറഞ്ഞു: 'ഇവരെല്ലാം ഒരു ഇമാമിന്റെ കീഴിൽ നിന്ന് നമസ്കരിച്ചിരുന്നെങ്കിൽ അതായിരുന്നു നല്ലത്.' അദ്ദേഹത്തിന്റെ അഭിപ്രായം പരിഗണിച്ചുകൊണ്ട് അടുത്ത ദിവസം ഉബയ്യുബ്നു കഅ്ബിന്റെ നേതൃത്വത്തിൽ അത് സംഘടിതമായി നിർവഹിച്ചു. പിന്നീട് ആ നമസ്കാരം ജമാഅത്തായി നടക്കുന്നത് കണ്ട ഉമർ(റ) പറഞ്ഞത് 'നിഅ്മത്തിൽ ബിദ്അത്തു ഹാദിഹി' (ഇതൊരു നല്ല ബിദ്അത്താണ്) എന്നായിരുന്നു. 'ഇതൊരു നല്ല സുന്നത്താണ്' എന്ന് അദ്ദേഹം പറഞ്ഞില്ല. തുടർന്ന് അദ്ദേഹം പറഞ്ഞത്, 'ഇവർ ഇപ്പോൾ നമസ്കരിക്കുന്ന സമയത്ത് ഉറങ്ങുകയും ഉറങ്ങുന്ന സമയത്ത് നമസ്കരിക്കുകയും ചെയ്തിരുന്നെങ്കിൽ അതായിരുന്നു ഉത്തമം' എന്നായിരുന്നു. അതായത്, രാവിന്റെ ആദ്യഭാഗം ഉറങ്ങി അവസാനസമയം എഴുന്നേറ്റ് നമസ്കരിക്കുക. അതാണ് ഏറ്റവും നല്ലത്- ലകാന ഔലാ. അതു പറഞ്ഞ് ഉമർ(റ) പോയി; അദ്ദേഹം ആ നമസ്കാരത്തിൽ പങ്കെടുത്തിരുന്നില്ല. എല്ലാം ബിദ്അത്തും തെറ്റാണെന്ന് പറ

> **സയ്യിദ് മൗദൂദി പറഞ്ഞത് നാം ഓർക്കണം; 'നാലിൽ ഒരു മദ്ഹബ് സ്വീകരിക്കണമെന്ന് പറയുന്നവർക്ക് ജമാഅത്തിൽ അംഗത്വമുണ്ട്. മദ്ഹബ് സ്വീകരിക്കേണ്ടതില്ല, ഖുർആനും സുന്നത്തും പിന്തുടർന്ന് ജീവിച്ചാൽ മതി എന്നു പറയുന്നവർക്കും ജമാഅത്തിൽ അംഗത്വമുണ്ട്. എന്നാൽ, നാലിൽ ഒരു മദ്ഹബ് സ്വീകരിച്ചേ മതിയാകൂ എന്നു പറയുന്ന മദ്ഹബ് പക്ഷപാതികൾക്കും മദ്ഹബ് സ്വീകരിക്കാൻ പാടില്ല എന്നു പറയുന്ന മദ്ഹബ് വിരോധികൾക്കും ജമാഅത്തിൽ അംഗത്വമില്ല.'**

യുമ്പോൾ ഇത് നമ്മൾ ഓർക്കണം.

നബി ചെയ്യാത്തതൊക്കെ തെറ്റായ കാര്യമാണ്, നല്ല കാര്യമാണെങ്കിലും 'ബിദ്അത്താ'യതുകൊണ്ട് തെറ്റാണ് എന്ന വീക്ഷണത്തോട് നമുക്ക് യോജിപ്പില്ല. സ്വഹാബികൾ ജീവിക്കുന്ന കാലത്താണ് ഉമർ(റ) അങ്ങനെ പറഞ്ഞതും 'നല്ല ബിദ്അത്തി'നെ അംഗീകരിച്ചതും. അത് തെറ്റായിരുന്നെങ്കിൽ സ്വഹാബികൾ അതിനെ എതിർക്കേണ്ടതായിരുന്നു. ഉസ്മാൻ (റ) വെള്ളിയാഴ്ചകളിൽ തുടങ്ങിയ ബാങ്കുവിളിയും ഇതേ സ്വഭാവത്തിൽ തന്നെയാണ്. നബിയുടെ കാലത്തോ ആദ്യ രണ്ട് ഖലീഫമാരുടെ കാലത്തോ ജുമുഅക്ക് രണ്ട് ബാങ്ക് ഉണ്ടായിരുന്നില്ല. ഉസ്മാൻ(റ) അതാരംഭിച്ചപ്പോൾ സ്വഹാബികൾ അതിനെ എതിർത്തതുമില്ല. നബി(സ) നൽകിയ പ്രധാനപ്പെട്ട ഒരു ഉപദേശമുണ്ട്: 'നിങ്ങൾ എനിക്കു ശേഷം ഒരുപാട് അഭിപ്രായവ്യത്യാസങ്ങൾ കാണും. അപ്പോൾ എന്റെ സുന്നത്ത് മുറുകെ പിടിക്കണം'. ഇത് അബൂബക്കർ, ഉമർ, ഉസ്മാൻ, അലി(റ) എന്നിവരുൾപ്പെടുന്ന സ്വഹാബിമാരോടും പിന്നീട് വരുന്ന മുഴുവൻ മുസ്‌ലിം സമൂഹത്തോടുമാണ്. അപ്പോൾ നബിയുടെ സുന്നത്തിൽ എന്താണോ ഉള്ളത് അതേ ഖലീഫമാരും സ്വഹാബിമാരും ചെയ്യാവൂ. അതിനപ്പുറം അവർ ഒന്നും ചെയ്യരുത്. പക്ഷേ, തറാവീഹ് ജമാഅത്താക്കിയതും ജുമുഅക്ക് ഒരു ബാങ്ക് കൂടി ഏർപ്പെടുത്തിയതും ഖലീഫമാരുടെ കാലത്താണ്. ഇത് ബിദ്അത്തും തെറ്റുമാണെങ്കിൽ നബിയുടെ കൽപന ആദ്യം ലംഘിച്ചത് അവരാണെന്നു പറയേണ്ടിവരും-മആദല്ലാഹ്!

ഹദീസിൽ 'എല്ലാ ബിദ്അത്തും വഴികേടാണ്' എന്നു വന്നിട്ടുണ്ട്. ഒരു നിവേദനമനുസരിച്ച് 'എല്ലാ വഴികേടും നരകത്തിലാണ്' (കുല്ലു ബിദ്അത്തിൻ ദലാല, വകുല്ലു ദലാലത്തിൻ ഫിന്നാർ) എന്നുമുണ്ട്. ബിദ്അത്തെല്ലാം നരകത്തിലാണ് എന്നാണല്ലോ ഇതിന്റെ അർഥം. അപ്പോൾ, നബി ചെയ്യാത്തതെന്തും ബിദ്അത്താണെന്നു പറയുന്നത് വളരെ ഗുരുതരമായൊരു വിഷയമാണ്. അത് ബിദ്അത്തിന്റെ ഗൗരവം കുറക്കലാണ്, ബിദ്അത്തിനെ ചെറുതാക്കലാണ്. യഥാർഥത്തിൽ നബി(സ)യുടെ സുന്നത്തിന് വിരുദ്ധമായ പുത്തനാചാരങ്ങളാണ് തെറ്റായ ബിദ്അത്ത്. ഖുർആനോടും സുന്നത്തിനോടും ഏറ്റുമുട്ടാത്ത, കാലാനുസൃതമായ ഇസ്‌ലാമിന്റെ വികാസത്തെ ബിദ്അത്തായി കാണാൻ പാടില്ല. അതുകൊണ്ടാണ് നബി(സ) 'എനിക്കു ശേഷം ഖുലഫാഉർറാഷിദുകളുടെ സുന്നത്തും മുറുകെ പിടിക്കണം' എന്നു പറഞ്ഞത്. നബി(സ)യുടെ കാലശേഷം ഇസ്‌ലാമിന് വികാസം ഉണ്ടാകും എന്നദ്ദേഹം മുൻകൂട്ടി കണ്ടിരുന്നു.

യഥാർഥത്തിൽ ബിദ്അത്ത്, അടിസ്ഥാന കാര്യങ്ങളിൽ സുന്നത്തിന് വിരുദ്ധമായ നടപടികളുണ്ടാക്കലാണ്. അതിൽ പ്രധാനം ഭരണമാണ്. 'നിങ്ങൾ ഉമൂറിലെ പുത്തൻ രീതികൾ സൂക്ഷിക്കണം' (ഇയ്യാക്കും വമുഹ്ദസാത്തിൽ ഉമൂർ) എന്നാണ് നബി(സ) നൽകിയ മുന്നറിയിപ്പ്. 'അൽ ഉമൂർ' എന്നു പറഞ്ഞാൽ പ്രധാനമായും ഭരണകാര്യങ്ങളാണ്. നബി(സ)യും ഖുലഫാഉർറാഷിദുകളും കാണിച്ച മാതൃകയിൽനിന്ന് ഇസ്‌ലാമിന്റെ ഭരണസംവിധാനം രാജാധിപത്യത്തിലേക്ക് ഗതിമാറ്റിയതാണ് യഥാർഥത്തിൽ ഇസ്‌ലാമിക ചരിത്രത്തിലെ ആദ്യത്തെ ബിദ്അത്ത്. അതാണ് ഗുരുതരമായിട്ടുള്ളത്. സയ്യിദ് മൗദൂദി സാഹിബിന്റെ 'ഖിലാഫത്തും രാജവാഴ്ചയും' ഇത് നന്നായി വിശകലനം ചെയ്യുന്നുണ്ട്. എന്നാൽ ഭരണത്തിലും രാഷ്ട്രീയത്തിലുമുള്ള ബിദ്അത്തുകളെ ഗൗരവത്തിലെടുക്കാതിരിക്കുകയും ശാഖാപരമായ കാര്യങ്ങളെ പർവതീകരിക്കുകയും ചെയ്യുന്ന സമീപനം ശരിയല്ല.

ശാഖാപരമായ വിഷയത്തിൽ ഭിന്ന വീക്ഷണങ്ങൾ സ്വീകരിക്കാവുന്നതാണ്. കൈകെട്ടലും ഖുനൂത്തും പോലുള്ള ശാഖാപരമായ വിഷയങ്ങളിൽ നബിയുടെ സുന്നത്തല്ലേ നാം പിന്തുടരേണ്ടത് എന്ന ചോദ്യം ശരിയാണ്. പക്ഷേ, അത്തരം പല വിഷയങ്ങളിലും നബി(സ)യുടെ സുന്നത്തും സ്വഹാബിമാരുടെയും പിൽക്കാല പണ്ഡിതന്മാരുടെയും നടപടിക്രമങ്ങളും അഭിപ്രായങ്ങളും ഏക രൂപത്തിലുള്ളതായിരുന്നില്ല, വൈവിധ്യമുള്ളതായിരുന്നു.

ഹദീസുകൾ പരിശോധിച്ചാൽ ഇത് ബോധ്യപ്പെടും. നമസ്കാരത്തിലെ കൈകെട്ടൽ ഉദാഹരണമായി എടുക്കാം. നെഞ്ചത്തും നെഞ്ചിനു താഴെയും വയറിലും കൈകെട്ടിയതായി ഹദീസിലുണ്ട്. നെഞ്ചത്ത് കൈകെട്ടിയതാണ് ഏറ്റവും പ്രബലം എന്നു ചിലർ പറയുന്നു. മറ്റുള്ള ഹദീസുകൾ ദുർബലമാണെന്നാണ് വാദം. ഓരോരുത്തരും ഹദീസുകളെ ദുർബലമാക്കുന്നതും സ്വഹീഹ് ആക്കുന്നതും അവരവരുടെ മാനദണ്ഡങ്ങൾക്കനുസരിച്ചാണ്. വിവിധ മദ്ഹബുകൾ വ്യത്യസ്ത ഹദീസുകൾക്കനുസരിച്ചാണ് ഇത്തരം വിഷയങ്ങളിൽ നിലപാടുകൾ സ്വീകരിച്ചിട്ടുള്ളത്. ലോക മുസ്‌ലിംകൾ സ്വഹാബിമാരുടെ കാലം മുതൽ തന്നെ തുടർന്നുപോന്ന രീതിയാണിത്. ഹനഫീ മദ്ഹബിൽ സുബ്ഹ് നമസ്കാരത്തിൽ ഖുനൂത്തില്ല. ശാഫിഈ മദ്ഹബനുസരിച്ച് സുബ്ഹിക്ക് ഖുനൂത്ത് ഓതണം. ഹനഫീ വീക്ഷണമനുസരിച്ച് ശാഫിഈകൾ സുബ്ഹിക്ക് ഖുനൂത്ത് ഓതുക വഴി ബിദ്അത്ത് ചെയ്യുന്നവരാണ്. യഥാർഥത്തിൽ ഇത് ഇസ്‌ലാമിൽ അനുവദിക്കപ്പെട്ടിട്ടുള്ള വീക്ഷണവൈവിധ്യതയാണ്. എന്നാൽ 'ബിദ്അത്തെല്ലാം വഴികേടും, വഴികേടെല്ലാം നരകത്തിലും' എന്നു പറയുന്നവരുടെ വാദമനുസരിച്ച് സുബ്ഹിക്ക് ഖുനൂത്ത് എന്ന ബിദ്അത്ത് ചൊല്ലുന്നവർ നരകത്തിൽ പോകേണ്ടതല്ലേ? ഇസ്‌ലാമിന് അംഗീകരിക്കാനാകുന്നതോ, ബുദ്ധിയുള്ള ഒരാൾക്ക് മനസ്സിലാക്കാൻ കഴിയുന്നതോ ആയ വാദമാണോ ഇത്? കൂട്ടു പ്രാർഥനയുടെ വിഷയവും ഇങ്ങനെ തന്നെ. നമസ്കാരാനന്തരം കൂട്ടു പ്രാർഥന നടത്തിയാൽ ഒരാൾ നരകത്തിൽ പോകുമോ?

**ജമാഅത്തും സുന്നികളും തമ്മിൽ അത്ര അകൽച്ചയോ എതിർപ്പോ ഉണ്ടായിരുന്നില്ല. വിയോജിപ്പുകൾ ഉണ്ടെങ്കിലും ശത്രുത പുലർത്താറുണ്ടായിരുന്നില്ല. സുന്നീ പണ്ഡിതന്മാരും മറ്റുമായി നമുക്ക് നല്ല ബന്ധമുണ്ടാക്കാൻ കഴിഞ്ഞിരുന്നു. പുതുതെരുവിലെ സുന്നി പള്ളിയിലെ ഖത്വീബിന് ജമാഅത്തിനോട് അനുഭാവവും ഉണ്ടായിരുന്നു. അവിടെ ഒരു മദ്റസയുണ്ടായിരുന്നു. അതിൽ ക്ലാസ്സുകൾ സംഘടിപ്പിക്കും. ചിലപ്പോൾ ഖത്വീബും മറ്റു ചിലപ്പോൾ ഞാനും ക്ലാസ്സുകളെടുക്കും. ഇതായിരുന്നു നമ്മുടെ ശൈലി.**

ബിദ്അത്തിന്റെ ഗൗരവം കുറക്കുന്ന രീതിയിലും തെറ്റായ സന്ദേശങ്ങൾ നൽകുന്നവിധത്തിലും സമൂഹത്തിൽ ഭിന്നതക്കും പിളർപ്പിനും കാരണമാകുന്ന സ്വഭാവത്തിലും ശാഖാപരമായ വിഷയങ്ങളിലെ വീക്ഷണവൈജാത്യങ്ങളെയൊക്കെ തെറ്റായ ബിദ്അത്തായി കാണുന്ന രീതിയാണ് മുജാഹിദ് പ്രസ്ഥാനം സ്വീകരിച്ചത്. ബിദ്അത്ത് എന്ന ഗുരുതരമായ വിഷയത്തെ അവർ നിസ്സാരവത്കരിച്ചു. ഈ സമീപനം ജമാഅത്ത് സ്വീകരിച്ചില്ല. ഇസ്ലാമിന്റെ പ്രമാണങ്ങളും ചരിത്രവും മുമ്പിൽ വെച്ച് സ്വീകരിച്ച ഈ നിലപാട് സയ്യിദ് മൗദൂദിയുടെയും ജമാഅത്തെ ഇസ്ലാമിയുടെയും ഏറ്റവും സുചിന്തിതമായ സമീപനമാണ്. സയ്യിദ് മൗദൂദി പറഞ്ഞത് നാം ഓർക്കണം; 'നാലിൽ ഒരു മദ്ഹബ് സ്വീകരിക്കണമെന്ന് പറയുന്നവർക്ക് ജമാഅത്തിൽ അംഗത്വമുണ്ട്. മദ്ഹബ് സ്വീകരിക്കേണ്ടതില്ല, ഖുർആനും സുന്നത്തും പിന്തുടർന്ന് ജീവിച്ചാൽ മതി എന്നു പറയുന്നവർക്കും ജമാഅത്തിൽ അംഗത്വമുണ്ട്. എന്നാൽ, നാലിൽ ഒരു മദ്ഹബ് സ്വീകരിച്ചേ മതിയാകൂ എന്നു പറയുന്ന മദ്ഹബ് പക്ഷപാതികൾക്കും മദ്ഹബ് സ്വീകരിക്കാൻ പാടില്ല എന്നു പറയുന്ന മദ്ഹബ് വിരോധികൾക്കും ജമാഅത്തിൽ അംഗത്വമില്ല.'

ഇത്തരം വിശാല വീക്ഷണങ്ങൾ ഉള്ളതുകൊണ്ട് ജമാഅത്തിന് എല്ലാ വീക്ഷണക്കാരോടും ബന്ധപ്പെടാനും അവരെ ഉൾക്കൊള്ളാനും കഴിഞ്ഞിരുന്നു. അതുതന്നെയാണ് മുജാഹിദുകളുമായി എന്ന പോലെ 'സമസ്ത'ക്കാരുമായും ശത്രുതയില്ലാത്ത സമീപനം സ്വീകരിക്കാൻ ജമാഅത്തിനെ സഹായിച്ചത്. പാലക്കാട്ടെ മാത്രം അനുഭവമല്ല ഇത്. മറ്റു പല സ്ഥലങ്ങളിലെയും അനുഭവം ഇതുതന്നെ.

ഏകദേശം ഒരുവർഷക്കാലം ഞാൻ പാലക്കാട്ട് നിന്നു. പിന്നീട് 1967-ൽ ജമാഅത്ത് എന്നെ ദക്ഷിണ കേരളത്തിലെ പ്രവർത്തനങ്ങൾക്കായി നിയോഗിച്ചു. തദാവശ്യാർഥം അന്നത്തെ അമീറായിരുന്ന കെ.സി അബ്ദുല്ല മൗലവി പാലക്കാട്ട് വന്നു. പ്രവർത്തകരുടെ യോഗം വിളിച്ചു. കെ.ടിയെ ദക്ഷിണ കേരളത്തിലേക്ക് നിശ്ചയിച്ച വിവരം അറിയിച്ചു. പകരം പാലക്കാട്ടേക്ക് എ. യൂനുസ് മൗലവിയെ നിശ്ചയിച്ചു. കായംകുളം സ്വദേശിയായിരുന്നു അദ്ദേഹം. ശാന്തപുരത്ത് പഠിച്ച്, ഉമറാബാദിൽ ഉപരിപഠനം നടത്തിയ ആളായിരുന്നു.

പാലക്കാട്ടുനിന്ന് പിരിയേണ്ടിവന്നതിൽ എനിക്കും അവിടത്തെ പ്രവർത്തകർക്കും വലിയ സങ്കടമുണ്ടായിരുന്നു. പരസ്പരം അറിഞ്ഞ, ഇഴുകിച്ചേർന്ന ബന്ധമായിരുന്നു ഞങ്ങൾക്കുണ്ടായിരുന്നത്. പ്രവർത്തിക്കാൻ ഒരുപാട് സാധ്യതകളുള്ള പ്രദേശം. പക്ഷേ, ജമാഅത്തിന്റെ തീരുമാന പ്രകാരം അവിടെനിന്ന് ദക്ഷിണ കേരളത്തിലേക്ക് തൽക്കാലം യാത്ര തിരിച്ചു. പിന്നീട് 1974-ൽ ഒരിക്കൽ കൂടി പാലക്കാട്ട് വന്നിട്ടുണ്ട്.

(തുടരും)

sadarvzkd@yahoo.co.in